**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 943** **31-01-2024 - ൽ മറുപടിയ്ക്ക്**

**വനവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനഭൂമിക്ക് പുറത്ത് വനവൽക്കരണത്തിനായുള്ള പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ? | (എ) | വനേതര പ്രദേശത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പിന്റെ സാമൂഹ്യവനവത്കരണ വിഭാഗം വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുകയും ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ-കൾ,വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ മുതലായവർക്ക് വച്ചു പിടിപ്പിച്ച് സംരക്ഷിക്കുന്നതിനായി ലോക പരിസ്ഥിതി ദിനാഘോഷം മുതൽ വനമഹോത്സവം വരെയുള്ള കാലയളവിൽ സൗജന്യനിരക്കിലും തുടർന്ന് നിശ്ചിത വില ഈടാക്കിയും വിതരണം ചെയ്തുവരുന്നു. മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**1)വിദ്യാവനം** - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചെറുവനങ്ങളുടെ മാതൃകകൾ സൃഷ്ടിക്കുന്നതിനും വനത്തിന്റെ സംരക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനും വേണ്ടി സ്കൂളുകൾ, കോളേജുകൾ എന്നിവയിൽ ലഭ്യമായ സ്ഥലങ്ങളിൽ വിദ്യാവനം സ്ഥാപിച്ച് നൽകുന്നുണ്ട്.<br><br>**2) ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്** – പൊതു/സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ ലഭ്യമായ ഭൂമിയിൽ പ്ലാന്റിംഗ് നടത്തിവരുന്നുണ്ട്.<br><br>**3) വഴിയോരത്തണൽ പദ്ധതി** – പാതയോരങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ തണൽമരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി.<br><br>**4) നഗരവനം** – നഗര പ്രദേശങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും പദ്ധതി നടപ്പിലാക്കി വരുന്നു. |

**5) ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി** – സ്വകാര്യഭൂമിയിൽ ടിമ്പർ സ്പീഷീസ് ഉത്പാദിപ്പിക്കുന്നതിന്റെ ഭാഗമായി 10 ഇനം മരങ്ങൾ നട്ട് സംരക്ഷിക്കുന്ന കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി.

**6) പരിഹാര വനവത്കരണം** – വികസനാവശ്യങ്ങൾക്ക് മരം മുറിക്കുന്ന അവസരങ്ങളിൽ യൂസർ ഏജൻസിയിൽ നിന്നും പരിഹാര വനവത്കരണത്തിന്റെ ഭാഗമായി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പരിഹാര വനവത്കരണം നടത്തി വരുന്നുണ്ട്.

**7) വൃക്ഷസമൃദ്ധി പദ്ധതി** – സർക്കാർ വക പൊതുസ്ഥലങ്ങളിലും, സ്വകാര്യസ്ഥലങ്ങളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് 3-5 വർഷം വരെ പരിചരണം നൽകി സംസ്ഥാനത്തിന്റെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതി.

**8) കുട്ടിവനം** - ഈ പദ്ധതി പ്രകാരം ലഭ്യമായ സ്വകാര്യഭൂമികളിലും, പൊതുസ്ഥലങ്ങളിലും ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിനായാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**9) നക്ഷത്രവനം** - അശ്വതി മുതൽ രേവതി വരെയുള്ള 27 ജന്മനക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി.

**10) തീരവനം** – തീരസംരക്ഷണത്തിനായി കടൽത്തീരങ്ങളിൽ കാറ്റാടിത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയാണ് തീരവനം. കടൽക്ഷോഭത്തിന്റെ തീവ്രതയിൽ നിന്ന് തീരത്തെ സംരക്ഷിക്കുന്നതിന് ഈ പദ്ധതി സഹായകരമാണ്

**11) നാട്ടുമാവും തണലും** – അന്യം നിന്ന് പോകുന്ന നാട്ടുമാവുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് "നാട്ടുമാവും തണലും". പാതയോരങ്ങളിലും, വ്യവസായ സ്ഥാപനങ്ങളിലും ലഭ്യമാകുന്ന സ്ഥലത്ത് നാട്ടുമാവുകൾ നട്ട് സംരക്ഷിച്ച് വളർത്തുക, കാട്ടിലും മറ്റും വളരുന്ന മാവിന്റെ വന്യജനുസ്സുകൾ കണ്ടെത്തി വിത്ത് ശേഖരിച്ച് മുളപ്പിച്ച് കൂടത്തൈകളാക്കി സ്ഥലലഭ്യതയുള്ള പാതയോരങ്ങളിൽ നട്ട് സംരക്ഷിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**12) ഔഷധ തോട്ടം** - ആയുർവേദ മരുന്നുകളുടെ ഉപയോഗവും അതിന്റെ ചികിത്സാ മൂല്യവും ലോകമെമ്പാടും പ്രചാരം നേടുന്ന ഈ കാലത്ത് ഹെർബൽ, ഔഷധ സസ്യങ്ങളുടെ പ്രാധാന്യം

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് അവ പ്രചരിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും വേണ്ടിയാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. കൂടാതെ ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെപ്പറ്റിയും പുതുതലമുറയിൽ ആയുർവേദ ചികിത്സാ രീതിയെ സംബന്ധിച്ചും വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിനും വേണ്ടിയുമാണ് സ്കൂളുകളിലും കോളേജുകളിലും ഔഷധത്തോട്ടം സ്ഥാപിക്കുന്നത്.<br><br>**13) സ്കൂൾ നഴ്സറി യോജന** – സ്കൂളുകളിൽ വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് തൈകൾ സ്കൂൾ പരിസരത്തും, പൊതു/സ്വകാര്യ സ്ഥലങ്ങളിലും വിദ്യാർത്ഥികൾ തന്നെ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിന് സ്കൂളുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി. പരിസ്ഥിതി സംരക്ഷണ പാഠങ്ങൾ സ്കൂൾതലത്തിൽ തന്നെ വിദ്യാർത്ഥികൾക്ക് സ്വായത്തമാക്കുന്നതിനും, അഭിരുചി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.<br><br>ഇതു കൂടാതെ Conservation and Management of Mangroves in Kannur and Vembanad Regions of Kerala എന്ന പദ്ധതി പ്രകാരം കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ